

# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

وَإِذِ ٱعْتَزَلْتُمُوهُمْ وَمَا يَعْبُدُونَ إِلَّا ٱللَّهَ فَأْوُۥٓا۟ إِلَى ٱلْكَهْفِ يَنشُرْ لَكُمْ
رَبُّكُم مِّن رَّحْمَتِهِۦ وَيُهَيِّئْ لَكُم مِّنْ أَمْرِكُم مِّرْفَقًا ﴿١٦﴾

**16.** നിങ്ങളിപ്പോൾ അവരിൽനിന്നും അവർ ആരാധിക്കുന്ന, അല്ലാഹുവല്ലാത്ത ആരാധ്യരിൽനിന്നും ഭ്രഷ്ടരായിരിക്കയാണല്ലോ. ഇനി ആ ഗുഹയിൽ ചെന്നു പാർക്കാം. വിധാതാവ് നിങ്ങൾക്ക് കാരുണ്യം ചൊരിഞ്ഞു തരും. നിങ്ങളുടെ ജീവിതാവശ്യങ്ങൾ സരളവും സുഗമവുമാക്കുകയും ചെയ്യും.

۞ وَتَرَى ٱلشَّمْسَ إِذَا طَلَعَت تَّزَٰوَرُ عَن كَهْفِهِمْ ذَاتَ ٱلْيَمِينِ وَإِذَا غَرَبَت
تَّقْرِضُهُمْ ذَاتَ ٱلشِّمَالِ وَهُمْ فِى فَجْوَةٍ مِّنْهُ ۚ ذَٰلِكَ مِنْ ءَايَٰتِ ٱللَّهِ ۗ مَن
يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ وَمَن يُضْلِلْ فَلَن تَجِدَ لَهُۥ وَلِيًّا مُّرْشِدًا ﴿١٧﴾

**17.** നീ നോക്കിയാൽ ഉദയ സൂര്യൻ ആ ഗുഹയുടെ വലത്തോട്ട് തെറ്റി ഉയരുന്നതായും അസ്തമയ സൂര്യൻ അവരെ ഒഴിവാക്കി ഇടതുവശത്ത് താഴുന്നതായും കാണാം. അവരോ, അതിനകത്ത് വിസ്താരമുള്ള ഒരിടത്തു മരുവുന്നു. ഇത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലൊന്നത്രെ. അല്ലാഹു മാർഗദർശനമരുളുന്നവൻ സന്മാർഗം പ്രാപിക്കുകതന്നെ ചെയ്യുന്നു. അവൻ വഴിതെറ്റിച്ചവനെ നേർവഴിക്ക് നയിക്കാൻ ഒരു രക്ഷകനെയും നീ കണ്ടെത്തുകയില്ല.

وَتَحْسَبُهُمْ أَيْقَاظًا وَهُمْ رُقُودٌ ۚ وَنُقَلِّبُهُمْ ذَاتَ ٱلْيَمِينِ وَذَاتَ ٱلشِّمَالِ ۖ
وَكَلْبُهُم بَٰسِطٌ ذِرَاعَيْهِ بِٱلْوَصِيدِ ۚ لَوِ ٱطَّلَعْتَ عَلَيْهِمْ لَوَلَّيْتَ مِنْهُمْ
فِرَارًا وَلَمُلِئْتَ مِنْهُمْ رُعْبًا ﴿١٨﴾

**18.** നിനക്കു തോന്നും, ആ ഗുഹാവാസികൾ ഉണർന്നിരിക്കുകയാണെന്ന്. അവരാകട്ടെ, ഗാഢനിദ്രയിലാകുന്നു. നാം അവരെ ഇടത്തോട്ടും വലത്തോട്ടും തിരിച്ചുമറിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ശ്വാനനതാ കണങ്കൈകൾ നീട്ടിവെച്ച് ഗുഹാമുഖത്തുതന്നെ ഇരിക്കുന്നു. നീയെങ്ങാനും ഒന്നെത്തി നോക്കിയാൽ തീർച്ചയായും തിരിഞ്ഞോടിക്കളയും. ആ കാഴ്ച നിന്നെ ഭയവിഹ്വലനാക്കുക തന്നെ ചെയ്യും.

നിങ്ങൾ അവരെ ഭ്രഷ്ടരാക്കിയപ്പോൾ (നിങ്ങളിപ്പോൾ അവരിൽനിന്ന് ഭ്രഷ്ടരായിരിക്കുകയാണല്ലോ) =وَإِذِ ٱعْتَزَلْتُمُوهُمْ

അല്ലാഹുവല്ലാത്ത =إِلَّا ٱللَّهَ അവർ ആരാധിക്കുന്നതിനെയും (അവരുടെ ആരാധ്യരിൽ നിന്നും) = وَمَا يَعْبُدُونَ

ആ ഗുഹയിലേക്ക് =إِلَى ٱلْكَهْفِ അതിനാൽ നിങ്ങൾ പാർക്കുവിൻ (ചെന്നു പാർക്കാം) =فَأْوُۥٓا۟

നിങ്ങളുടെ വിധാതാവ് നിങ്ങൾക്കു പരത്തും (ചൊരിഞ്ഞുതരും) =يَنشُرْ لَكُمْ رَبُّكُم

അവന്റെ കാരുണ്യ(ം)ത്താൽ =مِّن رَّحْمَتِهِۦ

അവൻ നിങ്ങൾക്ക് ഒരുക്കും, (സരളവും സുഗമവു(മാക്കുക)യും ചെയ്യും =وَيُهَيِّئْ لَكُم

നിങ്ങളുടെ കാര്യങ്ങളിൽ നിന്നുള്ള പ്രയോജനത്തെ (നിങ്ങളുടെ ജീവിതാവശ്യങ്ങൾ) =مِّنْ أَمْرِكُم مِّرْفَقًا

സൂര്യനെ അത് ഉദിച്ചാൽ (ഉദയസൂര്യനെ) =ٱلشَّمْسَ إِذَا طَلَعَت നീ(നോക്കിയാൽ) കാണാം =وَتَرَى

വലത്തോട്ട് = ذَاتَ ٱلْيَمِينِ അവരുടെ ഗുഹയോട്(യുടെ) = عَن كَهْفِهِمْ ചായുന്നു (തെറ്റി ഉയരുന്നതായി) = تَّزَٰوَرُ
അവരെ ഒഴിവാക്കുന്ന(വാക്കി താഴുന്ന)തായും = تَّقْرِضُهُمْ അത് അസ്തമിച്ചാല്‍ (അസ്തമയ സൂര്യനെ) = وَإِذَا غَرَبَت
അവരോ = وَهُمْ ഇടതുവശത്ത് = ذَاتَ ٱلشِّمَالِ
അ(ഇ)ത് = ذَٰلِكَ അതില്‍ നിന്നുള്ള വിസ്താരത്തില്‍(അതിനകത്ത് വിസ്താരമുള്ള ഒരിടത്ത് മരുവുന്നു) = فِى فَجْوَةٍ مِّنْهُ
അല്ലാഹു മാര്‍ഗദര്‍ശനമരുളുന്നവന്‍ = مَن يَهْدِ ٱللَّهُ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളില്‍പെട്ടത് (ഒന്നത്രെ) = مِنْ ءَايَٰتِ ٱللَّهِ
അവനാകുന്നു സന്മാര്‍ഗസ്ഥന്‍ (അവന്‍ സന്മാര്‍ഗം പ്രാപിക്കുക തന്നെ ചെയ്യുന്നു) = فَهُوَ ٱلْمُهْتَدِ
അവനുവേണ്ടി നീ ഒരിക്കലും കണ്ടെത്തുകയില്ല = فَلَن تَجِدَ لَهُۥ അവന്‍ വഴിതെറ്റിച്ചവന്‍ = وَمَن يُضْلِلْ
നേര്‍വഴി കാണി(ക്കാന്‍)ക്കുന്നവനായ = مُّرْشِدًا ഒരു രക്ഷകനെ(യും) = وَلِيًّا
(ആ ഗുഹാവാസികള്‍) അവരെ നീ കണക്കാക്കും(നിനക്കു തോന്നും) = وَتَحْسَبُهُمْ
ഉറങ്ങുന്നവര്‍(ഗാഢനിദ്രയില്‍) ആകുന്നു = رُقُودٌ അവര്‍ ആകട്ടെ = وَهُمْ ഉണര്‍ന്നവരാണെന്ന് = أَيْقَاظًا
ഇടത്തോട്ടും വലത്തോട്ടും = ذَاتَ ٱلْيَمِينِ وَذَاتَ ٱلشِّمَالِ നാം അവരെ തിരിച്ചുമറിച്ചുകൊണ്ടിരിക്കുന്നു = وَنُقَلِّبُهُمْ
അതിന്റെ രണ്ടു കണങ്കൈകള്‍ നീട്ടിവെച്ച നിലയില്‍(ഇരിക്കുന്നു) = بَٰسِطٌ ذِرَاعَيْهِ അവരുടെ ശുനകന്‍(അതാ) = وَكَلْبُهُم
അവരെ നീ(യെങ്ങാനും ഒന്ന്) എത്തിനോക്കിയാല്‍ = لَوِ ٱطَّلَعْتَ عَلَيْهِمْ കവാടത്തില്‍ (ഗുഹാമുഖത്തുതന്നെ) = بِٱلْوَصِيدِ
തീര്‍ച്ചയായും അവരില്‍നിന്ന് ഓട്ടത്താല്‍ തിരിഞ്ഞു(തിരിഞ്ഞോടിക്കളയും) = لَوَلَّيْتَ مِنْهُمْ فِرَارًا
തീര്‍ച്ചയായും അവരില്‍ നിന്നുള്ള ഭയത്താല്‍ നീ നിറക്കപ്പെടും = وَلَمُلِئْتَ مِنْهُمْ رُعْبًا
(ആ കാഴ്ച നിന്നെ ഭയവിഹ്വലനാക്കുക തന്നെ ചെയ്യും)

**16.** ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയുമാണ് തങ്ങളുടെ വിജയസൗഭാഗ്യങ്ങള്‍ക്കു നിദാനമായ മഹത്വമാര്‍ന്ന വിശ്വാസാചാരങ്ങള്‍ എന്ന മൂഢ ധാരണയില്‍ വിഹരിക്കുന്ന ഒരു നാട്ടില്‍ ഉപര്യുക്ത പ്രഖ്യാപനം നടത്തുന്നവര്‍ക്ക് പിന്നെ പാര്‍ക്കാനാവില്ലെന്നു വ്യക്തമാണല്ലോ. ആ യുവാക്കള്‍ നാടുവിട്ടു. പട്ടണത്തിനു പുറത്ത് വിജനമായ ഒരിടത്ത് ഒരു ഗുഹ കണ്ടെത്തി. ഇത്രയും കാര്യം സന്ദര്‍ഭത്തില്‍നിന്ന് സ്വയം വ്യക്തമാകുന്നതുകൊണ്ട് ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു. താമസിക്കാന്‍ പറ്റിയ ഗുഹ കണ്ടെത്തിയശേഷം അവരെടുത്ത തീരുമാനവും അതുമായി ബന്ധപ്പെട്ട പ്രാര്‍ഥനയുമാണ് ഈ സൂക്തം.

ഒഴിവാക്കുക, ബഹിഷ്കരിക്കുക എന്നര്‍ഥമുള്ള عزل ല്‍ നിന്നുള്ളതാണ് ٱعْتَزَلْتُمُوهُمْ അധികാരിയെ സ്ഥാനത്തുനിന്ന് നീക്കുന്നതിന് عزل എന്നു പറയും. ഒരു സമൂഹത്തില്‍നിന്ന് അഭിപ്രായ വ്യത്യാസത്തിന്റെ പേരിലോ മറ്റോ മാറിനില്‍ക്കുന്നത് اعتزال ആണ്. മുസ്‌ലിം പൊതുസമൂഹ(അഹ്‌ലുസ്സുന്നത്തിവല്‍ജമാഅഃ)വുമായി വിശ്വാസവ്യാഖ്യാനങ്ങളില്‍ ഭിന്നിച്ച് സ്വന്തമായ വ്യാഖ്യാനങ്ങളാവിഷ്കരിച്ച് മാറിനിന്ന ഒരു വിഭാഗം ഇസ്‌ലാമികചരിത്രത്തില്‍ معتزلة എന്നറിയപ്പെടുന്നുണ്ട്. مرفق ന്ന് കൈമുട്ട്, എന്നും ഉപയോഗം, ഉപയോഗവസ്തു എന്നും അര്‍ഥമുണ്ട്. റോഡ്, പാലം പോലുള്ള പൊതുസൗകര്യങ്ങള്‍ക്ക് مرافق عامة എന്നുപറയും. ഇവിടെ مرفق ന്റെ ഉദ്ദേശ്യം ജീവിതാവശ്യങ്ങളുടെ പരിഹാരമാണ്. من امركم എന്നതിന്റെ താല്‍പര്യം നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഗുഹാവാസികളുടെ ഗുഹാജീവിത സാഹചര്യമാണ്. ഭക്ഷണം, വെള്ളം, വസ്ത്രം ചൂടില്‍നിന്നും തണുപ്പില്‍ നിന്നുമുള്ള രക്ഷ, ഭയമുക്തി, ഹിംസ്രജന്തുക്കളില്‍നിന്നും നാട്ടുകാരുടെ ആക്രമണത്തില്‍ നിന്നുമുള്ള സുരക്ഷ തുടങ്ങിയവയാണ് ആ സാഹചര്യത്തിലെ ആവശ്യങ്ങള്‍. അതൊക്കെ അല്ലാഹുവിന്റെ കാരുണ്യത്താല്‍ ലഭ്യമാകും എന്ന പ്രതീക്ഷയാണ് يُهَيِّئْ لَكُم مِّنْ أَمْرِكُم مِّرْفَقًا എന്ന വാക്കില്‍ പ്രകാശിക്കുന്നത്. വചനതാല്‍പര്യമിതാണ്: നാം നമ്മുടെ സമുദായത്തിന്റെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ദൈവങ്ങളെയും ആരാധനയെയുമെല്ലാം ബഹിഷ്കരിച്ചു വന്നിരിക്കുകയാണ്. ഇനി സ്വവസതികളിലേക്ക് തിരിച്ചുപോകാന്‍ നമുക്കൊരിക്കലും കഴിയില്ല. മടങ്ങിച്ചെന്നാല്‍ ഒന്നുകില്‍ ജനം നമ്മെ കൊന്നുകളയും. അല്ലെങ്കില്‍ നാം അവരുടെ മതത്തിലേക്കു മടങ്ങേണ്ടിവരും. അതുകൊണ്ട് നമുക്കിനി ഈ ഗുഹയില്‍ താമസമാക്കാം. അല്ലാഹുവിന്റെ കാരുണ്യത്താല്‍ നാം രക്ഷപ്പെടും. ഗുഹാവാസക്കാലത്തെ നമ്മുടെ ജീവിതാവശ്യങ്ങള്‍ നിവര്‍ത്തിക്കാനുള്ള വഴിയും അവന്‍ തന്നെ ഒരുക്കിത്തരും. ഈയൊരു പ്രാര്‍ഥനയും പ്രതീക്ഷയുമല്ലാതെ അപ്പോഴത്തെ ഭൗതിക സാഹചര്യങ്ങള്‍ വെച്ചുനോക്കിയാല്‍ ഏറെനാള്‍ അവിടെ സുരക്ഷിതരായി വസിക്കാനോ ജീവിതാവശ്യങ്ങള്‍ നിറവേറ്റപ്പെടാനോ യാതൊരു സാധ്യതയുമുണ്ടായിരുന്നില്ല. ആ ഘട്ടത്തില്‍

അല്ലാഹു അവരുടെ പ്രാർഥനക്ക് ഉത്തരം നൽകിയതെങ്ങനെയെന്നാണ് തുടർന്നുപറയുന്നത്. ദൈവദാസൻ ദൈവമാർഗത്തിൽ സഞ്ചരിക്കാൻ ദൃഢനിശ്ചയംചെയ്ത് പുറപ്പെട്ടാൽ, അവർ വിചാരിക്കാത്ത രീതിയിൽ ദൈവം അവർക്കുവേണ്ട പാഥേയവും താവളവും ഒരുക്കിക്കൊടുക്കും.

وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا ۝٢ وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ

(അല്ലാഹുവിനോട് ആത്മാർഥമായ ഭയഭക്തിയുള്ളവർക്ക് അല്ലാഹു മോചനമാർഗം കാണിച്ചുകൊടുക്കുകയും അവൻ കണക്കുകൂട്ടാത്ത രീതിയിൽ വിഭവങ്ങളരുളുകയും ചെയ്യുന്നു -65:2-3).

وَمَن يُهَاجِرْ فِى سَبِيلِ ٱللَّهِ يَجِدْ فِى ٱلْأَرْضِ مُرَٰغَمًا كَثِيرًا وَسَعَةً

(അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞ് പലായനം ചെയ്യുന്നവന്ന് ഭൂമിയിൽ ധാരാളം അഭയസ്ഥാനങ്ങളും വിശാലമായ ജിവിതോപാധികളും കണ്ടെത്താൻ കഴിയും-4:100).

പ്രകൃത സൂക്തം ഗുഹാവാസികളുടെ സംഭാഷണമല്ല, അല്ലാഹു അവർക്ക് നൽകിയ വഹ്‌യ് (ദിവ്യസന്ദേശം) ആണ് എന്ന നിലയിലും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. അതായത്, ആ യുവാക്കളോട് അല്ലാഹു കൽപ്പിക്കുകയായിരുന്നു: നിങ്ങൾ നാടും വീടും വിട്ടുപോന്നുവല്ലോ. ഇനി ആ ഗുഹയിൽ പോയി വസിച്ചുകൊള്ളുവിൻ. അവിടെ നിങ്ങൾക്കുവേണ്ട സുരക്ഷിതത്വവും ജീവിതവിഭവങ്ങളും അല്ലാഹു ഒരുക്കിത്തരുന്നതാണ്. സൂക്തത്തിലെ 'നിങ്ങൾ,' 'നിങ്ങൾക്ക്,' 'നിങ്ങളുടെ' എന്നീ സർവനാമങ്ങൾ അതാണ് സൂചിപ്പിക്കുന്നത്. കൂടാതെ വിശ്വാസികൾ പ്രാർഥിക്കുമ്പോൾ, ഭവ്യതയോടെ 'നാഥാ ഞങ്ങൾക്ക് കരുണ ചൊരിയേണമേ, വിഭവങ്ങളരുളേണമേ' എന്നല്ലാതെ നാഥൻ നിങ്ങൾക്ക് കരുണ ചൊരിയുകയും വിഭവങ്ങളരുളുകയും ചെയ്യുമെന്ന് ഉറപ്പിച്ചുപറയുകയില്ലെന്നും അവർ വാദിക്കുന്നു. അങ്ങനെയെങ്കിൽ ഗുഹാവാസികൾ വഹ്‌യ് ലഭിക്കുന്നവരായിരുന്നുവോ എന്നൊരു ചോദ്യമുയരും. അത് പ്രവാചകന്മാർക്ക് നൽകിയതുപോലുള്ള വഹ്‌യ് ആയിരുന്നില്ല, ശിശുവിനെ പുഴയിലൊഴുക്കാൻ മൂസാ നബിയുടെ മാതാവിനു നൽകിയതുപോലുള്ള വഹ്‌യായിരുന്നു എന്നാണ് മറുപടി. ഈ വ്യാഖ്യാനവും സംഗതമാണെങ്കിലും ഭൂരിപക്ഷം പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ളത് ആദ്യം പറഞ്ഞ വ്യാഖ്യാനമാണ്. നാം, ഞങ്ങൾ എന്ന അർഥത്തിൽ ഖുർആൻ പലപ്പോഴും 'നിങ്ങൾ' ഉപയോഗിക്കാറുണ്ട്. ഈ സൂറഃയിലെ വരുന്ന 19-ാം സൂക്തത്തിൽ തന്നെ അതിനു ഉദാഹരണങ്ങൾ കാണാം. അതുപോലെ പ്രാർഥനകളിൽ തേടുന്ന കാര്യം കിട്ടുമെന്നും കിട്ടിയെന്നുമൊക്കെ ഉറപ്പായ മട്ടിൽ പറയുന്നതും സാധാരണമാണ്. ഉദാ: غفر الله ـ يرحمك الله.

സംസാര ജീവിതവും സാമൂഹികസമ്പർക്കവും വെടിഞ്ഞ് വിജനസ്ഥലങ്ങളിൽ ചെന്ന് ഏകാന്ത ജീവിതം വരിക്കുന്നതിന്റെ മഹത്വവും ശ്രേഷ്ഠതയും സ്ഥിരീകരിക്കുന്ന പ്രമാണമായി ചില സൂഫികൾ അസ്ഹാബുൽ കഹ്ഫിന്റെ കഥ ചൂണ്ടിക്കാണിക്കാറുണ്ട്. അസ്ഹാബുൽ കഹ്ഫിന്റെ ഗുഹാവാസവും സൂഫികളുടെ വനവാസവും തികച്ചും വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണ്. സത്യവിശ്വാസികളായി നാട്ടുകാർക്കിടയിൽ വസിക്കാനാവാത്തതുകൊണ്ടും ജീവനു ഭീഷണി നേരിട്ടതുകൊണ്ടുമാണ് ആ യുവാക്കൾ ഗുഹയിൽ പോയൊളിച്ചത്. നാട് അവരെ ബഹിഷ്കരിക്കുകയായിരുന്നു. നാട്ടുകാർ ആട്ടിയോടിക്കുന്നതുകൊണ്ടോ ജീവഹാനി ഭയക്കുന്നതുകൊണ്ടോ അല്ല സൂഫികൾ കാടുകയറുന്നത്. അവർ നാടിനെയും സംസാര ജീവിതത്തെയും സ്വയം ബഹിഷ്കരിക്കുകയാണ്. അസ്ഹാബുൽ കഹ്ഫ് ഗുഹയിലഭയം തേടിയത് മുഹമ്മദ് നബി(സ)യും അബൂബക്കർ സിദ്ദീഖ്(റ)വും ഥൗർ ഗുഹയിൽ അഭയം തേടിയതുപോലെയായിരുന്നു.

**17.** മുൻ സൂക്തങ്ങളിൽ വ്യക്തമാക്കിയതു പ്രകാരം സത്യവിശ്വാസികളായ ആ യുവാക്കൾ കൂടിയാലോചിച്ച്, അല്ലാഹുവിന്റെ സഹായത്തിൽ മാത്രം വിശ്വാസമർപ്പിച്ച് ആ ഗുഹയിൽ പ്രവേശിച്ചു. ഗുഹയുടെ വിസ്താരമുള്ള ഭാഗത്ത് ചെന്ന് താമസമാക്കി ഏറെ കഴിയും മുമ്പ് അവരെല്ലാവരും നിദ്രാധീനരായി. സൂര്യരശ്മികൾ നേരിട്ട് ഉള്ളിൽ കടന്ന് അന്തേവാസികളെ ഉഷ്ണിപ്പിക്കാത്തതും എന്നാൽ ആവശ്യത്തിന് കാറ്റും വെളിച്ചവും കിട്ടുന്നതുമായിരുന്നു അല്ലാഹു അവർക്ക് കാണിച്ചു കൊടുത്ത ഗുഹ. മധ്യാഹ്നം വരെ സൂര്യൻ ഗുഹയുടെ വലതു വശത്തേക്ക് മാറിയാണ് നീങ്ങുക. മധ്യാഹ്നത്തിനു ശേഷം ഇടതുവശത്തേക്കു മാറിയും. تزاور ന്റെ അസൽരൂപം تتزاور എന്നാണ്. طلعت ലെ ت ഉം ഇതിലെ ആദ്യ ت ഉം കൂട്ടിച്ചേർക്കുകയും അതിനുശേഷം വരുന്ന ت ഇനെ കളയുകയും (حذف)ചെയ്യുമ്പോഴാണ് تزاور എന്നാകുന്നത്. تزاور യാണ് ഇതിന്റെ ഭൂതകാല ക്രിയാരൂപം. പരസ്പരം സന്ദർശിച്ചു എന്നാണ് മൗലികമായ അർഥം. تزاور عنه എന്നാൽ പരസ്പരം അകന്നു മാറി എന്നും. تزاور عن كهفهم എന്നാൽ അവരുടെ ഗുഹയിൽ നിന്ന് അകലുന്നു അല്ലെങ്കിൽ മാറുന്നു. പല അർഥങ്ങളുള്ള قرض ആണ് تقرضهم ന്റെ മൂലം. കടം, രചന, മുറിക്കൽ, നീക്കം ചെയ്യൽ എന്നൊക്കെയാണ് പ്രധാന അർഥങ്ങൾ, ഒരാൾക്ക് മുറിവേൽപ്പിക്കുന്നതിനും കടം കൊടുത്തതിനും قرضه എന്നു പറയും. قَرْضُ الشِّعْر കവിതാ രചനയാണ്. നീക്കം ചെയ്തു, ഒഴിവാക്കി എന്ന അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. രണ്ടു വസ്തുക്കൾക്കിടയിലുള്ള വിടവാണ് فجوة. കെട്ടിടങ്ങൾക്കുള്ളിലെ തളത്തിനും فجوة എന്നുപറയും. ഗുഹക്കുള്ളിൽ അവർക്ക് സൗകര്യപൂർവം വസിക്കാനുള്ള വിസ്താരമുണ്ടായിരുന്നു എന്നാണ് സൂചന. പുറത്തുനിന്ന് നോക്കുന്നവർക്ക് എളുപ്പത്തിൽ ഗുഹക്കകത്തുള്ളവരെ കാണാൻ കഴിഞ്ഞിരുന്നില്ല. വെളിച്ചത്തിന്റെയും ഗുഹാന്തർഭാഗത്തിന്റെയും ഈ ക്രമീകരണം അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത സവിശേഷമായ അനുഗ്രഹമാണ്. അത് ഗുഹാമുഖം അതിനൊക്കെ പറ്റിയ ദിശയിലേക്കാക്കിക്കൊണ്ടാവാം. അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലാവാം. ഗുഹാമുഖം വടക്കോട്ടായിരുന്നുവെന്നും തെക്കോട്ടായിരുന്നുവെന്നുമൊക്കെ ചിലർ നിർണയിച്ചിട്ടുണ്ട്. കേവലം നിഗമനങ്ങളാണത്. ഗുഹയുടെ മുഖം ഏതു ദിശയിലേക്കായിരുന്നുവെന്ന വിഷയത്തിന് ഇവിടെ വലിയ പ്രസക്തിയില്ല. അല്ലാഹു ആ വിശ്വാസികൾക്ക് സുരക്ഷിതമായും സുഗമമായും വസിക്കാൻ പറ്റിയ ഒരൊളിത്താവളം ഒരുക്കിക്കൊടുത്തു എന്ന

താണ് പ്രസക്തം. അവിടെ സൂര്യസഞ്ചാരം പോലും ഗുഹാവാസികൾക്കനുകൂലമായ രൂപത്തിലായിരുന്നു. സത്യധർമങ്ങൾ മുറുകെപ്പിടിക്കുന്ന ആദർശധീരരെ അല്ലാഹു സഹായിക്കും എന്നതിന്റെ അനേകം ദൃഷ്ടാന്തങ്ങളിലൊന്നാണീ ഗുഹാവാസികളുടെ അനുഭവം.

مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ وَمَن يُضْلِلْ فَلَن تَجِدَ لَهُۥ وَلِيًّا مُّرْشِدًا

എന്ന വചനത്തിൽ ഇപ്പറഞ്ഞ ദൈവിക ദൃഷ്ടാന്തങ്ങളുമായി ബന്ധപ്പെട്ട ഒരു തത്ത്വം അനുസ്മരിപ്പിക്കുകയാണ്. അല്ലാഹു സന്മാർഗം നൽകിയതിനാൽ, അഥവാ സന്മാർഗലബ്ധിക്ക് അല്ലാഹു നിശ്ചയിച്ച ഉപാധികൾ സ്വീകരിച്ചതിനാലാണ് ഈ യുവാക്കൾ സന്മാർഗികളായത്. സന്മാർഗം കൈക്കൊള്ളാൻ സന്നദ്ധരാകുന്നവർക്ക് ആ വഴിയിൽ മുന്നോട്ടുപോകാനുള്ള സൗകര്യങ്ങൾ അവൻ ഒരുക്കിക്കൊടുക്കുന്നു. അവർക്ക് പ്രവാചക സന്ദേശം കേൾക്കാനും മനസ്സിലാക്കാനും സൗഭാഗ്യം ലഭിക്കുന്നു. ദൃഷ്ടാന്തങ്ങളെ സംബന്ധിച്ചേടത്തോളം ഈ ലോകത്തു ഒന്നിനൊന്ന് മെച്ചപ്പെട്ട എത്രയോ ദൃഷ്ടാന്തങ്ങളുണ്ട്. പക്ഷേ, അല്ലാഹു നിശ്ചയിച്ച സന്മാർഗോപാധികൾ കൈക്കൊള്ളുന്നവർക്കേ ദൃഷ്ടാന്തങ്ങളിൽ നിന്ന് സന്മാർഗമുൾക്കൊള്ളാൻ സൗഭാഗ്യമുണ്ടാകൂ. സന്മാർഗലബ്ധിയുടെ പ്രകൃതിപരമായ ഉപാധികൾ കൈവെടിഞ്ഞവരെ പിന്നെ ആർക്കും സന്മാർഗദർശനം ചെയ്യാൻ സാധ്യമാവില്ല. مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ എന്ന വാക്യം സൂറഃ ഇസ്രാഅ് 97, സൂറഃ അഅ്റാഫ് 178 സൂക്തങ്ങളിൽ വന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാകുന്നു.

പത്താം സൂക്തത്തിൽ വന്ന رُشد ൽ നിന്നുള്ള കർതൃപദമാണ് مُرشد. വഴിതെറ്റിയവർക്കും വഴിയറിയാതെ സ്തംഭിച്ചവർക്കും ശരിയായ വഴി കാണിച്ചുകൊടുക്കുന്നവനാണ് ഭാഷാർഥത്തിൽ مُرشد. ആചാര്യൻ, ഗുരു, ശിക്ഷകൻ എന്നൊക്കെ പ്രയോഗാർഥം.

**18.** ഗുഹാവാസികളുടെ സുരക്ഷാർഥം അല്ലാഹു ചെയ്ത അനുഗ്രഹങ്ങളാണീ സൂക്തം സൂചിപ്പിക്കുന്നത്. ആരെങ്കിലും അവരെ കണ്ടാൽ അവർ ബോധമില്ലാതെ ഉറങ്ങുകയാണെന്നു തോന്നുകയേ ഇല്ല. സുരക്ഷാ ജാഗ്രതയോടെ ഉണർന്നിരിക്കുകയാണെന്നേ തോന്നൂ. അതുകൊണ്ട് ആരും അവരോടടുക്കാൻ ധൈര്യപ്പെടുകയില്ല. അക്കാലത്ത് കൊള്ളക്കാർ ഒളിച്ചിരിക്കാറുള്ളത് ഗുഹകളിലായിരുന്നു. അവർ ഉറങ്ങിക്കിടക്കുന്നത് കണ്ടാൽപോലും യാത്രാസംഘങ്ങൾ എത്രയും പെട്ടെന്ന് ഓടിയകലുകയാണ് ചെയ്യുക. ഇവിടെ വലിയൊരു ഗുഹയിൽ ആറേഴ് അരോഗദൃഢഗാത്രരായ യുവാക്കൾ ജാഗ്രതയോടെ ഉണർന്നിരിക്കുന്നു. ഗുഹക്കു മുമ്പിൽ കൈകൾ നീട്ടിവെച്ച് അവരുടെ ശ്വാനനും ഇരിക്കുന്നു. ദൂരെ നിന്ന് കണ്ടാൽപോലും ആരും അവരോടടുക്കാൻ ധൈര്യപ്പെടുകയില്ല. സാധാരണ മനുഷ്യർ ഏതായാലും ഇവ്വിധം വിജനസ്ഥലത്ത് ഗുഹയിൽ തങ്ങുകയില്ല. കൊള്ളക്കാരല്ലെങ്കിൽ പിന്നെ അവർ മഹർഷിമാരോ ജിന്നോ ഭൂതപ്രേതാദികളോ ആയിരിക്കും. അക്കൂട്ടരാവട്ടെ കൊള്ളക്കാരെക്കാൾ പേടിക്കേണ്ടവരാണ്. അതിനാൽ ഇരുന്നിട്ടാണോ കിടന്നിട്ടാണോ അവരുറങ്ങിയിരുന്നതെന്ന് നമുക്കറിഞ്ഞുകൂടാ. രണ്ടായാലും അവരുടെ കണ്ണുകൾ തുറന്നിട്ടായിരുന്നുവെന്ന് ചില പണ്ഡിതന്മാർ പറയുന്നു. അല്ലാഹു അവരെ ഇടത്തോട്ടും വലത്തോട്ടും തിരിച്ചുമറിച്ചിരുന്നു. അവരുടെ ശരീരം മണ്ണ് തിന്നാതിരിക്കാനും ചിതൽ കയറാതിരിക്കാനുമാണിതെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചിട്ടുണ്ട്. ഉറക്കിലായാലും ഉണർവിലായാലും ഏറെനാൾ ശരീരത്തിന്റെ ഒരു ഭാഗം മാത്രം തറയിൽ പതിച്ചുകിടന്നാൽ അവിടെ വ്രണിതമാകുന്നത് സാധാരണ അനുഭവമാണ്. ഈ തിരിയലും മറിയലും ഏഴു വർഷം കൂടുമ്പോഴായിരുന്നുവെന്നും വർഷത്തിലൊരിക്കലായിരുന്നുവെന്നും വർഷത്തിൽ രണ്ടുവട്ടമായിരുന്നുവെന്നുമൊക്കെ വ്യത്യസ്ത പ്രസ്താവങ്ങളുണ്ട്. എല്ലാം അടിസ്ഥാനരഹിതമായ ഊഹങ്ങളാണ്. ഇവിടെ തിരിക്കലിന്റെയും മറിക്കലിന്റെയും കർത്താവ് അല്ലാഹുവാണ് എന്നതാകുന്നു ശ്രദ്ധേയമായിട്ടുള്ളത്. സ്വയം തിരിഞ്ഞു മറിഞ്ഞു കിടക്കാനുള്ള ഇന്ദ്രിയബോധം പോലും അവർക്കുണ്ടായിരുന്നില്ല. ഇടക്കിടെ തിരിച്ചും മറിച്ചും കിടത്തിക്കൊണ്ട് അല്ലാഹു അവരുടെ ശരീരത്തിന്റെ തൽസ്ഥിതി നിലനിർത്തുകയായിരുന്നു.

رقد യുടെ കർതൃപദമായ راقد ന്റെ ബഹുവചനമാണ് رقود. മൂലപദം رُقدة. ഉറക്കത്തിനും കിടന്നുറക്കത്തിനും ഗാഢനിദ്രക്കും رُقدة ഉപയോഗിക്കും. സൂര്യൻ മേലോട്ടു കയറി എന്നർഥമുള്ള طلع യിൽ നിന്നുണ്ടായതാണ് اطلعت എന്ന ക്രിയ.

ഗുഹാമുഖത്ത് കൈയും നീട്ടിവെച്ച് ഇരിപ്പുള്ള ശ്വാനനും പ്രധാനപ്പെട്ട ഒരു സുരക്ഷാഘടകമാണ്. ശ്വാനന്റെ ഇരിപ്പു വർണിച്ചതിൽനിന്ന് അത് ജാഗ്രത്തായി ഗുഹക്ക് കാവലിരിക്കുന്നതു പോലെയാണ് കാണപ്പെട്ടതെന്നു മനസ്സിലാക്കാം. ഗുഹാവാസികൾ ഉറങ്ങിയ കാലത്ത് അതും ഉറങ്ങുകയായിരിക്കണം. ആ ഉറക്കം പക്ഷേ സാധാരണ നായ്ക്കൾ ഉറങ്ങുന്നതുപോലെ മുഖം മാറിൽ താഴ്ത്തി ചുരുണ്ടു കൂടിയ നിലയിലായിരുന്നില്ല; അന്യരുടെ ആഗമനം കാത്ത് അവരുടെ മേൽ ചാടിവീഴാൻ തയാറായി ഇരിക്കുന്നതുപോലെയായിരുന്നു. സാധാരണ മനുഷ്യരെയും ജന്തുക്കളെയും ഭയചകിതരാക്കാൻ മതിയായതായിരുന്നു നായയുടെ ആ ഇരിപ്പു തന്നെ. ജനലക്ഷങ്ങളെ അടക്കിഭരിക്കുന്ന വീരപരാക്രമികളായ രാജാക്കന്മാർക്കുപോലും സുരക്ഷക്ക് സുഭദ്രമായ കരിങ്കൽ കൊട്ടാരങ്ങൾ വേണം. അതിന്റെ വാതിലുകളിലും വാതായനങ്ങളിലും സായുധരായ കാവൽക്കാരുടെ നിര വേണം. എല്ലാം ഉണ്ടായിട്ടും മറ്റുള്ളവരാൽ കൊല്ലപ്പെടുന്നവർ അക്കൂട്ടത്തിൽ ഏറെയാണ്. അസ്ഹാബുൽ കഹ്ഫിന് ലോകം മുഴുവൻ ശത്രുക്കളായിരുന്നു. അവരുടെ സുരക്ഷക്ക് കോട്ടകളോ കൊത്തളങ്ങളോ ഉണ്ടായിരുന്നില്ല. ഒരു പട്ടിയല്ലാതെ പട്ടാളക്കാരോ പാറാവുകാരോ ഉണ്ടായിരുന്നില്ല. എന്നിട്ടും മനുഷ്യരിൽ നിന്നോ തിര്യക്കുകളിൽ നിന്നോ ഒരു പോറൽപോലും ഏൽക്കാതെ അവരാ ഗുഹയിൽ നൂറ്റാണ്ടുകളോളം ഉറങ്ങിക്കിടന്നു. ദൈവിക സന്മാർഗം സ്വീകരിച്ചവർക്ക് അവൻ വിചിത്രമായ സുരക്ഷാ സംവിധാനമൊരുക്കിക്കൊടുക്കുന്നതിന്റെ ദൃഷ്ടാന്തങ്ങളിലൊന്നാണത്. ■